
മലയാളത്തിലെ ആദ്യ ആർക്കിടെക്ചർ മാഗസിൻ

# ഡിസൈനർ + ബിൽഡർ

DESIGNER + BUILDER

2017 September | Vol. 14 | Issue 148 | Price ₹60/-



റെസിഡൻഷ്യൽ ആർക്കിടെക്ചർ സ്പെഷ്യൽ

## കേരളത്തിലെ 21 മനോഹര ഗേഹങ്ങൾ

ആർക്കിടെക്റ്റ് ഫഹദ് അബ്ദുൾ മജീദ് | ആർക്കിടെക്റ്റ് സെബാസ്റ്റ്യൻ ജോസ്
ആർക്കിടെക്റ്റ് ബിനീഷ് ബാലഗോപാലൻ | ഡ്രൂവ്മാക്സ് | രാധാകൃഷ്ണൻ | ആർക്കിടെക്റ്റ് സിന്ധുകുമാർ
കോസ്റ്റ്ഫോർഡ് | ആർക്കിടെക്റ്റ് അനൂപ് ജോർജ് | ആർക്കിടെക്റ്റ് അനൂപ് ചന്ദ്രൻ & മനീഷ | ഫൈസൽ നിർമാൺ
ആർക്കിടെക്റ്റ് നജീബ് & ആർക്കിടെക്റ്റ് സിദ്ദിഖ് അലി | ആർക്കിടെക്റ്റ് ഷാജി തമ്പാനാടൻ & സൂമി ഷാജി
ബിജു സ്ഥപതി | ഷിബിൽ ലെയ്ബ & ആർക്കിടെക്റ്റ് മേഘ | ഷഫീഖ് | ഷാനവാസ് | മാറാടി അബ്ദുൾ അസ്സീസ്
ആന്റണി ജോസഫ് | അജിത് ഇ.എച്ച്. & ജയിംസ് ബാബു | അബ്ദുൾ നിയാസ് | അനീസ് ഹക്കീം

ഓണാശംസകൾ...

# മിശ്രിത ശൈലിയിൽ

ടീം ഡിസൈനർ






**പഴയകാല കേരളീയ ഭവനങ്ങളുടെ ഡിസൈൻ മാതൃകയിലും യൂറോപ്യൻ ശൈലിയിലുള്ള മുഖപ്പോടെയും ഒരുക്കിയ വീട്**

ആർക്കിടെക്റ്റ് അനൂപ് ചന്ദ്രൻ &
ആർക്കിടെക്റ്റ്

പഴയകാല കേരളീയ ഭവനങ്ങളുടെ സ്മരണ ഉണർത്തുന്ന നീളൻ വരാന്തയും നടുമുറ്റവുമുള്ള, അതോടൊപ്പം യൂറോപ്യൻ മുഖച്ഛായയുള്ള ഈ ഭവനം തൃശൂരിലെ ഇടമുട്ടത്താണ് സ്ഥിതി ചെയ്യുന്നത്. ദുബായിൽ ബിസിനസ്സുകാരനായ ജിംജി, അദ്ദേഹത്തിന്റെ ഭാര്യ, രണ്ടു മക്കൾ എന്നിവർക്കു വേണ്ടി ആർക്കിടെക്റ്റ് ദമ്പതിയായ അനൂപ് ചന്ദ്രൻ, മനീഷ അനൂപ് (അമാക് ആർക്കിടെക്റ്റ്സ്, തൃപ്രയാർ, തൃശൂർ) എന്നിവരാണ് ഈ ഭവനം രൂപകൽപ്പന ചെയ്തത്.

യൂറോപ്യൻ ശൈലി പിന്തുടരുന്ന മുഖപ്പുകളുള്ള ഇരുനിലഭവനമായിരുന്നു ക്ലയന്റ് ആഗ്രഹിച്ചിരുന്നത്. അതുകൊണ്ടു തന്നെ ഒറ്റനിലയിൽ എന്നാൽ ഇരുനിലഭവനം എന്ന പ്രതീതി ഉണർത്തും വിധം വീടിന്റെ എക്സ്റ്റീരിയർ ഒരു ക്കുകയായിരുന്നു. പഴയകാല കേരളീയ ഭവനങ്ങളിലേതുപോലെ വീടിന്റെ പുറത്തു കൂടിയാണ് പൂജാമുറിയിലേക്ക് പ്രവേശനം. പൂജാമുറിയുടെ മുകളിൽ സർവീസ് റൂമും, മുകൾനിലയിൽ സോളാർ പാനലും സ്ഥാപിച്ചിട്ടുണ്ട്. കാഴ്ചഭംഗിക്കപ്പുറം വായുസഞ്ചാരം ഉറപ്പാക്കാനാണ് സർവ്വീസ് ഏരിയയുടെ ചുമരിൽ ചതുരാകൃതിയിൽ തുറസ്സു നൽകിയത്. മൂന്നു ബാത്ത്











^
പഴമയെ പുൽകുന്ന വുഡൻ ഫ്ളോറിങ്ങാണ് ലിവിങ്ങിലുള്ളത്

അറ്റാച്ച്ഡ് കിടപ്പുമുറികളുള്ള ഈ വീട്ടിലെ നടുമുറ്റത്തിന്റെ മേൽക്കൂരയിലും വീടിന്റെ പുറകുവശത്തും നോർമൽ ട്രസ് വുഡ് ഷീറ്റിട്ടതിനാൽ വീടിന്റെ നിർമ്മാണച്ചെലവും ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞു. അലുമിനിയം കോമ്പസിറ്റ് പാനൽ ഉപയോഗിച്ചു നിർമ്മിച്ച മേൽക്കൂരയിൽ തുറസ്സു നൽകി ഗ്ലാസിട്ടത് ആകർഷകമാണ്. വെൺമയുടെ ചാരുതയിൽ ഒരുക്കിയ ഭവനത്തിന്റെ മുൻവശത്തെ പില്ലറുകളിൽ ടെക്സ്ചർ പെയിന്റ് ചെയ്തതിനാൽ അഴുക്കായാലും എളുപ്പം വൃത്തിയാക്കാനുമാകും.

## ശുഭ്ര-ശ്യാമവർണ്ണങ്ങളാൽ

ബ്ലാക്ക് & വൈറ്റ് കോമ്പിനേഷനിലാണ് ഇവിടുത്തെ അകത്തളങ്ങൾ ഒരുക്കിയത്. അകത്തളങ്ങളിലെല്ലാം തന്നെ ഭാഗികമായി ഫാൾസ് സീലിങ്ങും ചെയ്തിട്ടുണ്ട്. പഴമയെ ആധുനിക രീതിയിൽ ഉൾച്ചേർത്ത ഈ ഭവനത്തിലെ നീളൻ പൂമുഖ വരാന്തയുടെ ഇടതുഭാഗത്ത് കാർപോർച്ചിനു സമീപം ഷൂറാക്കും ഇരിപ്പിടവും ഒരുക്കിയത് സൗകര്യപ്രദമാണ്. പൂമുഖത്ത് പഴയ വീടുകളിലെ പോലെ ഒരുക്കിയ തിണ്ണയുടെ അടിഭാഗത്ത് ഗ്രൂവുകളും, തുറസ്സുകളും നൽകിയത് വ്യത്യസ്തതയാണ്. താഴത്തെ ഭാഗത്ത് ചെയ്ത റീപ്പർ വർക്ക് ജനലുകളേയും ശ്രദ്ധാകേന്ദ്രമാക്കി മാറ്റുന്നുണ്ട്.

^
ലിവിങ്ങിൽ നിന്ന് ഡൈനിങ്ങിലേക്ക് കോർട്ട്യാർഡിനരികിലൂടെയുള്ള പാസേജ്



പൂമുഖ വരാന്തയ്ക്ക് പുറകിൽ പ്ലെയിൻ ജിപ്സം സീലിങ്ങോടെ ഒരുക്കിയ ലിവിങ്ങിന്റെ ഒത്ത നടുക്ക് വുഡൻ ടെക്സ്ചർ ടൈൽ ഫ്ളോറിങ്ങാണ്. പഴമയുടെ പ്രതീതി ഉണർത്താൻ വേണ്ടിയാണ് ഇവിടെയും ലിവിങ്ങിൽ നിന്ന് കോർട്ട്യാർഡിന്റെ വശത്തു കൂടി ഡൈനിങ്ങിലേക്കു നയിക്കുന്ന പാസേജിലും ഈ മെറ്റീരിയൽ കൊണ്ടു നിലമൊരുക്കിയത്. ലിവിങ്ങിലെ വെനീർ പാനലും, നിഷും നൽകി ഹൈലൈറ്റ് ചെയ്ത ചുമരിലാണ് ടിവി യൂണിറ്റിന്റെ സ്ഥാനം. ലിവിങ്ങിലെ ഇരിപ്പിടത്തിന് പുറകിൽ ജാളിവർക്ക് ചെയ്താണ് ഡൈനിങ്ങിന്റെ സ്വകാര്യത ഉറപ്പാക്കിയത്. കോർട്ട്യാർഡാണ് ലിവിങ്, ഡൈനിങ് ഏരിയകളെ വേർതിരിക്കുന്നത്. പ്രകൃതിദത്ത പെബിളുകൾ വിരിച്ച് ബ്ലാക്ക് ഗ്രനൈറ്റ് സ്ട്രിപ്പുകളിൽ നടപ്പാത ഒരുക്കിയ

^ അവശ്യസൗകര്യങ്ങൾ മാത്രം ഉൾച്ചേർത്ത ഡൈനിങ് സ്പേസ്





< ഹെഡ്സൈഡ് വാളിൽ നിന്ന് സീലിങ്ങിലേക്ക് പരക്കും വിധമുള്ള വാൾപേപ്പറാണ് പാരന്റ്സ് ബെഡ്റൂമിന്റെ ഹൈലൈറ്റ്







^
പെയിന്റ് ഫിനിഷുള്ള ഹെഡ്ബോർഡിനുള്ളിൽ വാൾപേപ്പർ ഒട്ടിച്ചൊരുക്കിയ കിഡ്സ്റൂം

കോർട്ട്യാർഡിന്റെ ഒരു വശത്ത് കൃത്രിമ പുൽത്തകിടിയും ഊഞ്ഞാലും സ്ഥാനം നേടിയിട്ടുണ്ട്. പ്ലൈവുഡ് വെനീർ കോമ്പിനേഷനിലുള്ള ഇരിപ്പിടവും കോർട്ട്യാർഡിന്റെ ഭാഗമാണ്. കോർട്ട്യാർഡിന്റെ ഒരു വശത്തെ ഭിത്തിയിൽ നിഷുകളും, മറുഭിത്തിയിൽ ത്രിമാന സ്വഭാവമുള്ള വാൾപേപ്പറുമാണ് ഇടം പിടിച്ചത്.

## ഒന്നും അമിതമാകാതെ

മിതമായ ഒരുക്കങ്ങളുള്ള ഡൈനിങ്ങിന്റെ വശത്തെ ഭിത്തി ക്രോക്കറി കം സ്റ്റോറേജ് സ്പേസായാണ് പരിവർത്തിപ്പിച്ചത്. ലിവിങ്ങിലെ ഇരിപ്പിടത്തിനു പുറകിൽ ഉള്ള ജാളി വർക്കാണ് ഇവിടുത്തെ സീലിങ്ങിലും ആവർത്തിച്ചിരിക്കുന്നത്. ഡൈനിങ്ങിന്റെ പുറകിലാണ് വാഷ് ഏരിയയും കോമൺ ബാത്ത്റൂമും. വെനീർ പാനൽ ഉപയോഗിച്ചാണ് വാഷ് ഏരിയയുടെ ഭിത്തി ഹൈലൈറ്റ് ചെയ്തത്. ബ്രേക്ക്ഫാസ്റ്റ് കൗണ്ടർ ഉൾപ്പെടുത്തി 'U' ഷേപ്പിലൊരുക്കിയ കിച്ചന്റെ കൗണ്ടർ ടോപ്പിൽ ബ്ലാക്ക് ഗ്രനൈറ്റും, ബ്ലാക്ക് സ്പ്ലാഷിന് നോർമൽ വാൾടൈലും, ഫ്ളോറിൽ മാറ്റ് ഫിനിഷ് വിട്രിഫൈഡ് ടൈലുമാണുള്ളത്. മറൈൻ പ്ലൈയിൻ തീർത്തവയാണ് ഇവിടുത്തെ പുൾ ഔട്ട് ക്യാബിനറ്റുകൾ. സ്റ്റോറേജുള്ള കസ്റ്റംമെയ്ഡ് ബെഡും സൈഡ് ടേബിളുകളും ഇവിടുത്തെ എല്ലാ കിടപ്പുമുറികളിലും ഇടം നേടിയിട്ടുണ്ട്.


## എല്ലാം കസ്ററംമെയ്ഡ്

ഹെഡ്ബോർഡിൽ നിന്ന് ഹെഡ്സൈഡ് വാളിലെ വാൾപേപ്പറിനിരുവശത്തേക്കും പടർന്നിരിക്കുന്ന ഡാർക്ക് വെനീർ ഫിനിഷുള്ള ഹെഡ് പാനലാണ് ലിവിങ്ങിന്റെ വലതു വശത്തുള്ള മാസ്റ്റർ ബെഡ്റൂമിന്റെ ഹൈലൈറ്റ്. പുറകിൽ പ്രത്യേകം ഡ്രസിങ് ഏരിയയുള്ള ഈ കിടപ്പുമുറിക്കും പൂജാമുറിക്കും ഇടയിൽ മിനി ബാറും സ്ഥാനം നേടിയിട്ടുണ്ട്.

മാസ്റ്റർ ബെഡ്റൂം: വാൾപേപ്പറും, ഡാർക്ക് വെനീർ ഫിനിഷുള്ള ഹെഡ് പാനലുമാണ് ഇവിടെ എടുത്തു നിൽക്കുന്നത്
v








**PROJECT DETAILS**

| | |
|---|---|
| Architects / Interior Designers | Ar.Anoop Chandran & Ar.Maneesha Anoop AMAC Architects Interior Vasthu Consultants Trupprayar P.O., Nattika, Trissur - 680566 Mob: 9995000222 |
| Owner | Jimji Chandrasree, Vazhapully House, Edamuttom P.O., Thrissur- 680568 |
| Location | Edamuttam |
| Year of Completion | 2016 |
| Site Area | 50 Cents |
| Built Area | 2000 Sq.Ft |
| Project Contractor | Vishwanath Ph: 9447268702 |
| Interior Contractor | Alma Interiors Ph: 9544154511 |
| Roofing | Anil Ph: 9496840309 |
| Furnishing / curtains, blinds etc | Anish Ph: 9895797990 |
| Glass works | Jos Ph: 9544322551 |



ജിംജിയും കുടുംബവും



^ കോപ്പർ ഫിനിഷ് വിട്രിഫൈഡ് ടൈലാണ് കിച്ചന്റെ ബാക്ക് സ്പ്ലാഷിൽ ഉള്ളത്

പെയിന്റ് ഫിനിഷുള്ള ഹെഡ്ബോർഡിനുള്ളിൽ വാൾപേപ്പർ ഒട്ടിച്ച് വശത്തെ ഭിത്തിയിൽ ഡ്രസിങ് ഏരിയ ഉൾപ്പെടുത്തി. ബ്രൗൺ-വൈറ്റ് കോമ്പിനേഷനിലാണ് കിഡ്സ് റൂം ഒരുക്കിയത്. മാസ്റ്റർ ബെഡ്റൂമിന്റെ പുറകിലാണ് ഈ കിടപ്പുമുറിയുടെ സ്ഥാനം. കാർപോർച്ച്, കിച്ചൻ എന്നിവയുടെ മദ്ധ്യത്തിൽ കോർട്ട്യാർഡിനഭിമുഖമായാണ് പാരന്റ്സ് ബെഡ് ഒരുക്കിയത്. ഹെഡ്സൈഡ് വാളിൽ നിന്ന് സീലിങ്ങിലേക്ക് ഒഴുകിപ്പരക്കുന്ന വാൾപേപ്പറാണ് പാരന്റ്സ് റൂമിന്റെ ഹൈലൈറ്റ്. സീലിങ്ങിലെ ബോക്സ് ഡിസൈനും ഹെഡ് സൈഡ് വാളിന്റെ ഒത്തനടുക്ക് പ്ലൈവുഡിൽ ചെയ്ത ഗ്രൂവ്സും അതിനടിയിലെ നിഷുമാണ് ഈ മുറിയിലെ മറ്റു ഡിസൈൻ എലമെന്റുകൾ.

50 സെന്റ് പ്ലോട്ടിൽ 2000 ചതുരശ്ര അടി വിസ്തീർണ്ണത്തിലൊരുക്കിയ ഈ വീടിന്റെ അകത്തളങ്ങൾ സമകാലിക ശൈലിയാണ് പിന്തുടരുന്നത്. മുൻമുറ്റത്ത് മാത്രം ഇന്റർലോക്ക് ടൈലുകൾ വിരിച്ച് ചുറ്റുമുള്ള സസ്യലതാദികൾ നിലനിർത്തിക്കൊണ്ടാണ് ഭൂമിയൊരുക്കിയത്. പ്രകൃതി വെളിച്ചം പരമാവധി പ്രയോജനപ്പെടുത്തി ഒരുക്കിയ ഈ വീട്ടിലുടനീളം എൽഇഡി ലൈറ്റിങ്ങാണ് ചെയ്തത്. വീടിന്റെ പരിപാലനവും വളരെ അയത്നലളിതമായ കാര്യമാണ്. ■

*ഫോട്ടോഗ്രാഫി: പ്രദീഷ്, നാട്ടിക*